# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം** **14/03/2017-ന് മറുപടിക്ക്**

**നമ്പർ. 3419**

**പത്തനംതിട്ട ജില്ലയിലെ നിയമനങ്ങൾ**

**ചോദ്യം**

ശ്രീമതി.വീണാ ജോർജ്ജ്

**ഉത്തരം**

ശ്രീ.പിണറായി വിജയൻ
മുഖ്യമന്ത്രി

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ പത്തനംതിട്ട ജില്ലയിൽ മാത്രം പി.എസ്.സി.മുഖേന എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ; | (എ) | ഈ സർക്കാർ അധികാരമേറ്റ 25.05.2016 മുതൽ 31.01.2017 വരെ പത്തനംതിട്ട ജില്ലയിൽ ആകെ 1060 പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്. |
| (ബി) | നിലവിലുള്ള മുഴുവൻ ഒഴിവുകളും പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തു കഴിഞ്ഞോ; ഇല്ലെങ്കിൽ തടസ്സം എന്താണ് എന്ന് അറിയിക്കുമോ ; | (ബി) | വകുപ്പുകളിലെ നിലവിലുള്ള ഒഴിവുകളും പ്രതീക്ഷിത ഒഴിവുകളും അടിയന്തരമായി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് വിവിധ സർക്കുലറുകൾ മുഖേന വകുപ്പദ്ധ്യക്ഷന്മാർക്കും നിയമനാധികാരികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് വിഭാഗം വിവിധ വകുപ്പുകളിൽ ദ്രുത പരിശോധന നടത്തി റിപ്പോർട്ട് ചെയ്യപ്പെടാതെയുണ്ടായിരുന്ന ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുവാൻ നടപടി സ്വീകരിച്ചിരുന്നു. |
| (സി) | ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നത് പരിശോധിക്കാൻ നിയോഗിച്ച പി ആന്റ് എ ആർ.ഡി, എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്തതായി കണ്ടെത്തിയിട്ടുണ്ട്; റിപ്പോർട്ട് ചെയ്യുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആർക്കെതിരെ എന്ന് വ്യക്തമാക്കുമോ ? | (സി) | 2016 ഡിസംബർ 31 ന് കാലാവധി തീർന്ന റാങ്ക് ലിസ്റ്റുകളിലെ ഒഴിവുകൾ കണ്ടെത്തുന്നതിനായി ഡിസംബർ മാസത്തിൽ പത്തനംതിട്ട ജില്ലയിലെ വിവിധ സർക്കാർ ഓഫീസുകളിൽ നടത്തിയ ആകസ്മിക പരിശോധനയുടെ ഭാഗമായി 74 ഒഴിവുകൾ കണ്ടെത്തിയിട്ടുണ്ട്. വിവിധ വകുപ്പുകളിൽ ഉണ്ടാകുന്ന ഒഴിവുകൾ സമയബന്ധിതമായി പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യാൻ ബന്ധപ്പെട്ട വകുപ്പ് മേധാവികൾക്ക് കാലാകാലം നിർദ്ദേശങ്ങൾ നൽകിവരുന്നുണ്ട്. കൂടാതെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന് വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ ഉചിതമായ അച്ചടക്ക നടപടി സ്വീകരിക്കുമെന്ന് ബന്ധപ്പെട്ട സർക്കുലറുകളിൽ വ്യക്തമാക്കിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**